നായരമ്പലം, വലിയത്താം പറമ്പ് തീരപ്രദേശങ്ങളിലെ 1.50 കി. മീറ്റർ കടലാക്രമണ പ്രതിരോധത്തിന് ഐ.ഐ.ടി. പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഠനം നടത്തി റിപ്പോർട്ട് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കഴിഞ്ഞ നാലുവർഷങ്ങളിൽ നായരമ്പലം തീരപ്രദേശങ്ങളിൽ 72.10 ലക്ഷം രൂപയുടെ അറ്റകുറ്റപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

131 (4934) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പഞ്ചായത്തിന്റെ പേരും അനുവദിച്ച തുകയുമടങ്ങുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 11 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തിന്റെ പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്

132 (4935) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി എത്ര ഹെക്ടർ സ്ഥലം സർക്കാർ അക്വിസിഷൻ നടത്തി ; വ്യക്തമാക്കുമോ ;

(ബി) അക്വിസിഷൻ നടപടിയിലൂടെ കൈവന്ന ഭൂമിയുടെ പ്രമാണങ്ങൾ മറ്റ് രേഖകൾ ഇവയെല്ലാം ആരാണ് സൂക്ഷിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly